ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കേരളത്തിൽ. തിരുവനന്തപുരത്ത് നടക്കുന്ന നാവികസേനയുടെ അഭ്യാസ പ്രകടനങ്ങളിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും.

   **President Droupadi Murmu will arrive in Thiruvananthapuram, Kerala this afternoon to participate in the Navy's Operational Demo as the Chief Guest.**

2. പാർലമെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് സഹകരിക്കണമെന്ന് എല്ലാ പാർട്ടി നേതാക്കളോടും അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാർ.

   **Government appeals to all party leaders to allow Parliament to function smoothly.**

3. റിസർവ് ബാങ്കിന്റെ പണനയ സമിതിയുടെ ദ്വൈമാസ പണനയ അവലോകന യോഗം ഇന്ന് ആരംഭിക്കും.

   **The RBI Monetary Policy Committee's bi-monthly monetary policy review meeting will begin today.**

4. കേരളത്തിൽ എസ്ഐആറിന്റെ ഭാഗമായി ഇതുവരെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടു കോടി 47 ലക്ഷം പിന്നിട്ടതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

   **The number of forms digitized in Kerala as part of SIR has crossed 2.47 crore so far, says the Chief Electoral Officer.**

5. സാമൂഹിക പുരോഗതി കൈവരിക്കുന്നതിന് ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള സമൂഹത്തെ പരിപോഷിപ്പിക്കുക എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക ഭിന്നശേഷി ദിനം.

   **Today is World Disability Day with the theme "Fostering disability-inclusive societies for advancing social progress"**

6. ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് 2025 ൻറെ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി ഇന്ത്യ.

   **India has qualified for the quarter-finals of the Junior Men's Hockey World Cup 2025.**

************************************

## PRESIDENT VISIT (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കേരളത്തിൽ. ഉച്ചക്ക് ശേഷം തിരുവനന്തപുരത്ത് എത്തുന്ന രാഷ്ട്രപതി വൈകുന്നേരം ശംഖുമുഖത്ത് നടക്കുന്ന നാവികസേനയുടെ അഭ്യാസ പ്രകടനങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കും. വിശദാംശങ്ങളിലേക്ക്.......

(ഹോൾഡ് വോയ്സ്)

ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ത്തിൽ എത്തുന്ന രാഷ്ട്രപതി ദ്രൗപദി മുർമു അവിടെ നിന്ന് ശംഖുമുഖത്തേക്ക് തിരിക്കും. ശംഖുമുഖത്തെത്തുന്ന രാഷ്ട്രപതിയെ എംഎച്ച് 60 ആർ ഹെലികോപ്റ്റർ സല്യൂട്ട് നൽകി സ്വീകരിക്കും. വിമാനവാഹിനി കപ്പലായ ഐഎൻഎസ് വിക്രാന്ത് അടക്കം അണിനിരക്കുന്ന പരിപാടിയിൽ നാവിക ശക്തി വിളിച്ചോതുന്ന പ്രകടനത്തിനാവും ഇന്ന് ശംഖുമുഖം സാക്ഷ്യം വഹിക്കുക. 19 സുപ്രധാന നാവിക കപ്പലുകളും ഫൈറ്റർ, നിരീക്ഷണ വിഭാഗങ്ങളി ലായുള്ള 32 വിമാനങ്ങളും ഹെലികോപ്റ്ററുകളും അഭ്യാസ പ്രകടന

ത്തിൽ പങ്കെടുക്കും. ഇന്ന് ലോക് ഭവനിൽ തങ്ങിയ ശേഷം രാഷ്ട്രപതി നാളെ രാവിലെ ഡൽഹിയിലേക്ക് മടങ്ങും. ന്യൂസ് ഡെസ്ക് ആകാശവാണി

*********************************

## NAVY DAY- TRAFFIC TVM

നാവികദിനാഘോഷത്തോടനുബന്ധിച്ച് ഇന്ന് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. ഉച്ചയ്ക്ക് 12 മണി മുതലാണ് നിയന്ത്രണം. നാവിക ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനായി ശംഖുമുഖം, വെട്ടുകാട് ഭാഗത്തേക്ക് പാസ്സ് അനുവദിച്ചിട്ടുള്ള വാഹനങ്ങൾക്ക് മാത്രമേ പ്രവേശനം ഉണ്ടായിരിക്കൂ എന്ന് സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു. പാസ്സ് ഇല്ലാതെ പരിപാടി കാണാൻ വരുന്ന പൊതു ജനങ്ങൾക്ക് നഗര പരിധിയിലെ വിവിധ പാർക്കിംഗ് ഗ്രൗണ്ടുകളിൽ പാർക്ക് ചെയ്യാവുന്നതാണ്. പാർക്കിംഗ് ഗ്രൗണ്ടുകളിൽ നിന്നും പരിപാടി നടക്കുന്ന വെട്ടുകാട് ശംഖുമുഖം ഭാഗത്തേക്കും തിരിച്ചും കെ എസ് ആർ ടി സി നിശ്ചിത ടിക്കറ്റ് നിരക്ക് ഈടാക്കി പ്രത്യേക സർവീസ് നടത്തുന്നുണ്ട്. പരിപാടി തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് വാഹനങ്ങൾ പാർക്ക് ചെയ്യിരിക്കണമെന്നും ട്രാഫിക് പൊലീസ് നിർദേശിച്ചു.

*********************************

## PARLIAMENT (INTRO)

പാർലമെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് സഹകരിക്കണമെന്ന് കേന്ദ്ര സർക്കാർ എല്ലാ പാർട്ടി നേതാക്കളോടും അഭ്യർത്ഥിച്ചു. ശീതകാല സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്നലെയും ഇരുസഭകളും പ്രക്ഷുബ്ദമായതിന്റെ പശ്ചാത്തലത്തിലാണ് പ്രസ്താവന. ഈ മാസം 8 ന് ദേശീയ ഗാനമായ വന്ദേമാതരത്തിന്റെ 150-ാാം വാർഷികത്തെക്കുറിച്ചുള്ള

പ്രത്യേക ചർച്ചയും 9 ന് തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെ ക്കുറിച്ചുള്ള ചർച്ചയും നടത്തുമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു പാർലമെൻറ് ഹൗസിൽ മാധ്യമങ്ങളെ അറിയിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി യോഗത്തിലാണ് തീരുമാനം. എസ്ഐആർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ച ഒരു ഭരണപ്രക്രിയയാണെന്നും ശ്രീ റിജിജു വ്യക്തമാക്കി.

(വോയിസ്.........)

*****************************************

## KASHI TAMIL SANGAMAM

കാശിയും തമിഴ് നാടും തമ്മിലുള്ള പുരാതന ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള 'കാശി തമിഴ് സംഗമ'ത്തിന്റെ നാലാം പതിപ്പിന് ഇന്നലെ തുടക്കമായി. തമിഴ് നാട്ടിൽ നിന്നുള്ള ആദ്യ പ്രതിനിധി സംഘം കാശിയിലെത്തി. തമിഴ് സാഹിത്യകാരന്മാർ സാംസ്കാരിക പണ്ഡിതർ, വിദ്യാർത്ഥികൾ, അധ്യാപകർ, കരകൗശല വിദഗ്ധർ, ഉൾപ്പെടെയുള്ളവർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. മഹാകവി ഭാരതിയുടെ, 'ബഹുഭാഷാ ഇന്ത്യ' എന്ന ദർശനത്തിൽ ചർച്ചയും നടക്കും.

*****************************************

## RBI-MONITARY POLICY

റിസർവ് ബാങ്കിന്റെ പണനയ സമിതിയുടെ ദ്വൈമാസ പണനയ അവലോകനത്തിനായുള്ള മൂന്നു ദിവസത്തെ യോഗം ഇന്ന് ആരംഭിക്കും. പ്രധാന നിരക്കുകളും തീരുമാനങ്ങളും റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര വെള്ളിയാഴ്ച പ്രഖ്യാപിക്കും.

*****************************************

## NHAI – JIO AGREEMENT

ദേശീയപാതകളിൽ സുരക്ഷാ മുൻകരുതൽ സംവിധാനം സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോയുമായി ധാരണപത്രത്തിൽ ഒപ്പുവച്ച് ദേശീയപാത അതോറിട്ടി. ഹൈവേ ഉപയോക്താക്കൾക്ക് സമയബന്ധിതമായി വിവരങ്ങൾ കൈമാറി റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായാണ് നടപടിയെന്ന് ഗതാഗത മന്ത്രാലയം അറിയിച്ചു.

*************************************

## INDIA CHAIR IDEA

ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ അധ്യക്ഷ സ്ഥാനം ഇന്ത്യ ഏറ്റെടുക്കും. സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ ഇന്ന് നടക്കുന്ന ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറാണ് അധ്യക്ഷ പദവി ഏറ്റെടുക്കുക. സ്വതന്ത്രവും നീതിയുക്ത വും സുതാര്യവുമായ തിരഞ്ഞെടുപ്പുകൾ നടത്താനുള്ള ഇന്ത്യയുടെ മികവിനെ ലോകം അംഗീകരിക്കുന്നതിന്റെ തെളിവാണിതെന്ന് ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*************************************

## SIR UPDATION – KERALA

കേരളത്തിൽ എസ്ഐആറിൻറെ ഭാഗമായി ഇതുവരെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ടു കോടി 47 ലക്ഷത്തി

14,494 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ആകെ വിതരണം ചെയ്ത ഫോമുകളുടെ 88.74 ശതമാനമാണിത്. നഗരപ്രദേശങ്ങളിൽ നിന്നുള്ള ഫോമുകൾ എത്രയും വേഗം പൂരിപ്പിച്ച് ബി എൽ ഒ മാരെ ഏല്പിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

**********************************

## SIR – ANUKUMARI (INTRO)

തിരുവനന്തപുരം ജില്ലയിൽ എന്യൂമറേഷൻ ഫോമുകളുടെ 82 ശതമാനം ഡിജിറ്റൈസേഷൻ പൂർത്തിയായതായി ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു. 96 ശതമാനം ഫോമുകൾ വിതരണം ചെയ്തതായും കളക്ടർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

**********************************

## SIR – SUPREME COURT

കേരളത്തിൽ എസ്ഐആർ നടപടികൾ തുടരാമെന്ന് സുപ്രീംകോടതി. എന്യൂമറേഷൻ ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിൽ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് ദിവസത്തിനകം തീരുമാനമെടുക്കണമെന്നും കോടതി നിർദേശിച്ചു. ഫോമുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഡിസംബർ 4 ൽ നിന്നും 11 ലേക്ക് ഇതിനകം നീട്ടിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയെ അറിയിച്ചു.

**********************************

## ELECTION – HOLIDAY

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുന്നു. പരമാവധി വോട്ടർമാരെ നേരിൽ കണ്ട് വോട്ട്

അഭ്യർഥിക്കുന്ന തിരക്കിലാണ് സ്ഥാനാർഥികൾ. തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന 9-നും 11-നും സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചു. വോട്ടെടുപ്പ് നടക്കുന്ന ദിവസം അതാതു ജില്ലകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വേതനത്തോടെയുള്ള അവധിയാണ് അനുവദിച്ചിട്ടുള്ളത്. 9-ന് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകൾക്കും, 11ന് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകൾക്കുമാണ് അവധി.

*********************************************

## WORLD DISABILITY DAY

ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും, ഭിന്നശേഷിക്കാർ ക്കെതിരായ വിവേചനവും, അസമത്വവും അവസാനിപ്പിക്കാനുമാണ് ദിനാചരണം. ഭിന്നശേഷിക്കാരുടെ മികച്ച പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തിനായി നല്കുന്ന ദേശീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. സാമൂഹിക പുരോഗതി കൈവരിക്കുന്നതിന് ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള സമൂഹത്തെ പരിപോഷിപ്പിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം.

*********************************************

## HOCKEY JUNIOR WORLD CUP

ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് 2025 ന്റെ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി ഇന്ത്യ. തമിഴ്നാട്ടിലെ മധുരൈയിൽ നടന്ന മത്സരത്തിൽ സ്വിറ്റ്സർലൻഡിനെ 5-0 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ക്വാർട്ടറിൽ കടന്നത്. വെള്ളിയാഴ്ച

ചെന്നൈയിൽ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ബെൽജിയത്തെ നേരിടും.

*********************************************

## CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് റായ്പൂരിൽ നടക്കും. റാഞ്ചിയിൽ നടന്ന ആദ്യ കളിയിൽ ദക്ഷിണാഫ്രിക്കയെ 17 റൺസിന് പരാജയപ്പെടുത്തിയതിന്റെ ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

*********************************************

## DELHI BLAST-SPECIAL PUBLIC PROSECUTER

ചുവപ്പ് കോട്ടയ്ക്ക് സമീപം 15 പേരുടെ മരണത്തിനിടയാക്കിയ കാർ സ്ഫോടനവുമായി ബന്ധപ്പെട്ട കേസിൽ മുതിർന്ന അഭിഭാഷകൻ മാധവ് ഖുറാനയെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ച് സർക്കാർ ഉത്തരവ്. എൻഐഎ പ്രത്യേ ക കോടതിയിലും ഡൽഹി ഹൈക്കോടതിയിലും ദേശീയ അന്വേഷണ ഏജൻസിയ്ക്ക് വേണ്ടി ഹാജരാകാനാണ് മൂന്ന് വർഷത്തേക്ക് ശ്രീ ഖുറാനയെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചത്.

*********************************************

## SHAH- SEVA TIRTH

പ്രധാനമന്ത്രിയുടെ ഓഫീസിൻറെ പേര് സേവ തീർത്ഥ് എന്ന് പുനർ നാമകരണം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. സേവനവും സദ്ഭരണവും മുൻഗണനയാക്കി ശ്രേഷ്ഠമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കുന്നതിൻറെ ഭാഗമായാണ്

രാജ്ഭവൻറെ പേര് ലോക് ഭവനെന്നും രാജ് നിവാസിൻറെ പേര് ലോക് നിവാസ് എന്നും പുനർനാമകരണം ചെയ്യുതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************************

## OPERTION SAGAR BANDHU

ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്കായുള്ള ഇന്ത്യയുടെ രക്ഷാ ദൗത്യം, ഓപ്പറേഷൻ സാഗർ ബന്ധു തുടരുന്നു. കൊളംബോയിൽ നിന്ന് വ്യോമസേനാ വിമാനമായ IFC 1875 ൽ മന്ദാരം നുവാരയിലേ ദുരിതബാധിതർക്ക് 2,000 കിലോഗ്രാം ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ചു. വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടായ പ്രദേശങ്ങളിൽ എൻഡിആർഎഫ് സംഘങ്ങളുടെ രക്ഷാപ്രവർത്തനവും തുടരുകയാണ്. ശ്രീലങ്കയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ ശ്രമങ്ങൾക്ക് ഇന്ത്യ തുടർന്നും പിന്തുണ നൽകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************************

## PUTIN INDIA VISIT

റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ത്യയും റഷ്യയും നിരവധി ധാരണാപത്രങ്ങളിൽ ഒപ്പുവയ്ച്ചേക്കും. ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് ഈ മാസം 23നാണ് റഷ്യൻ പ്രസിഡന്റ് ഇന്ത്യയിലെത്തുന്നത്. വ്യാപാരം, സാമ്പത്തികം, ആരോഗ്യം, സംസ്കാരം തുടങ്ങിയ മേഖലകളിൽ ധാരണാപത്രങ്ങൾ ഒപ്പിടുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര-സാമ്പത്തിക ബന്ധം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാണ് സന്ദർശനം.

*********************************************************************